**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3953** **17-03-2025 - ൽ മറുപടിയ്ക്ക്**

**അവശ്യമരുന്നുകളുടെ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡി. എം. ഇ ./ഡി. എച്ച്. എസ്. എന്നിവ ആവശ്യപ്പെട്ട പ്രകാരം ഉള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; നാളിതുവരെ എത്ര തുക അനുവദിച്ച നൽകി; എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ; | (എ) | ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ആവശ്യപ്പെട്ട പ്രകാരമുള്ള മരുന്നുകളുടെ സംഭരണത്തിനായി, 2024-25 സാമ്പത്തിക വർഷത്തിൽ 934.28 കോടി രൂപ ആവശ്യമാണ് എന്നാണ് കണക്കാക്കിയിരുന്നത്.<br><br>നടപ്പ സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 356.4 കോടി രൂപയും കൂടാതെ അഡീഷണൽ ഓതറൈസേഷൻ ആയി 150 കോടി രൂപയും കൂടി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>മേൽപ്രകാരം ആകെ അനുവദിച്ച 506.4 കോടി രൂപയും, നടപ്പ സാമ്പത്തിക വർഷത്തേക്കുള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി ചിലവഴിച്ചിട്ടുള്ളതാണ്. |
| (ബി) | ഡി. എം. ഇ. /ഡി. എച്ച്. എസ്. എന്നിവ ആവശ്യപ്പെട്ട പ്രകാരം ഉള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയത്; 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ആവശ്യപ്പെട്ടപ്രകാരമുള്ള മരുന്നുകളുടെ സംഭരണത്തിനായി 2025-26 സാമ്പത്തിക വർഷം 1014.92 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 356.4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ